# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(17-01-2009 മുതൽ 23-01-2009 വരെ)

## ക്ഷേത്ര കവർച്ചാ സംഘം അറസ്റ്റിൽ

07/01/09 രാത്രിയിൽ കൽപ്പറ്റ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള മടിയൂർകുന്നി ക്ഷേത്രത്തിൽ മേൽക്കൂര തകർത്ത് അകത്തുകയറി 91,200/- രൂപയോളം വിലവരുന്ന ക്ഷേത്ര സാമഗ്രിഹികൾ മോഷണം ചെയ്ത സുരേഷ്, പ്രമോദ് എന്നിവരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും 22/01/09 ന് കൽപ്പറ്റ പോലീസ് അറസ്റ്റ് ചെയ്തു.

(Cr. No. 5/09 WND, Kalpetta PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. L. Surendran CI, HCs 540, 585, PCs 1109, 1437, 1838, 1244, 1332, 1494

## കുപ്രസിദ്ധ മോഷ്ടാവ് പിടിയിൽ

എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മോഷണം നടത്തിവന്ന കുപ്രസിദ്ധ മോഷ്ടാവായ തിരുവനന്തപുരം പഴവൂർകോണം സ്വദേശിയായ ഷാജിയെ 23/01/09 വെളുപ്പിന് 3 മണിക്ക് കല്ലൂർ ഭാഗത്തുനിന്നും കല്ലൂർക്കാട് പോലീസ് അറസ്റ്റ് ചെയ്തു.

(Cr. No. 19/09 EKM RL,Kalloorkadu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. P.P. Shamf CI, Shri. Jaizal ASI, GHC 7137

## 18 ലോഡ് അനധികൃത മണൽ പിടികൂടി

23/01/09 ന് പാറശാല പോലീസ് നടത്തിയ മണൽ വേട്ടയിൽ നെയ്യാറിലെ അപ്പൂപ്പൻ കടവിൽ നിന്ന് ഏഴ് ലോഡും പ്ലാവിളമൂലക്കടവിൽ നിന്ന് അഞ്ച് ലോഡും മഠത്തിൽ കടവിൽ നിന്നും ആറ് ലോഡും പിടികൂടി റവന്യൂ അധികൃതർക്ക് കൈമാറി.

( TVM RL, Parassala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ V.S. Rajendran SI, PCs 8557, 9815, DVR PC 6898

## വ്യാജ സർട്ടിഫിക്കറ്റ് നിർമ്മാണം; ഒരാൾ പിടിയിൽ

വ്യാജ സർട്ടിഫിക്കറ്റുകൾ, പാസ്പോർട്ട് ക്ലിയറൻസിനും മറ്റുമുള്ള ഔദ്യോഗിക രേഖകൾ എന്നിവ വ്യാജമായി ചമച്ച് വ്യാപകമായ തട്ടിപ്പ് നടത്തിവന്ന തിരുവനന്തപുരം റിസർവ് ബാങ്ക് സെക്യൂരിറ്റി ജീവനക്കാരനായ മേനംകുളം തുമ്പ പുതുവൽ പുരേടത്തിൽ സ്റ്റെല്ലസിനെ 19/01/09 ന് രാവിലെ 7.30 നോടുകൂടി സ്റ്റേഷൻ കടവ് നിന്നും കഠിനംകുളം പോലീസ് അറസ്റ്റ് ചെയ്തു. .

(Cr. No. 126/09 TVM RL, Kadinamkulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Chandra Das SI, PC 6736

## അനാശാസ്യകേന്ദ്രത്തിൽനിന്നും എട്ടുപേരെ പിടികൂടി

ആറ്റിങ്ങൽ പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 18/01/09-ന് രാവിലെ 11.30 മണിയോടുകൂടി ആറ്റിങ്ങൽ പോലീസ് എം.ജി റോഡ് ചുടുകാടിന് സമീപമുള്ള വാടക വീട് റെയ്ഡ് ചെയ്ത് അവിടെ അനാശാസ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന 3 സ്ത്രീകളേയും 5 പുരുഷൻമാരേയും അറസ്റ്റ് ചെയ്തു.

(Cr. No. 54/09 TVM RL, Attingal PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. P. Velayudhan CI, Shri. B.S Pradeep Kumar SI, Shri. Gopa Kumar SI(Jr), Smt. Lilly WSI, PCs 6740, 9959, 9574, WPC 3277

## 594 ലിറ്റർ സ്പിരിറ്റ് പിടിച്ചു

22/01/09 ന് ഉച്ചയ്ക്ക് ഒരുമണിയോടുകൂടി പാലക്കാട് സൗത്ത് പോലീസ് വാഹന പരിശോധന നടത്തവെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ണത്തർ പുളിയപ്പൻതൊടി ഭാഗത്ത് പാർക്ക് ചെയ്തിരുന്ന ടാറ്റാ ഇൻഡിക്ക കാർ വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ ഒളിപ്പിച്ച നിലയിൽ കാണപ്പെട്ട 594 ലിറ്റർ സ്പിരിറ്റ് പിടികൂടി.

(Cr. No. 45/09 PKD, South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Unnikrishnan SI

## പിടികിട്ടാപ്പുള്ളി പിടിയിലായി

നിരവധി കേസ്സുകളിലെ പ്രതിയും പിടികിട്ടാപ്പുള്ളിയുമായ സുരേന്ദ്രൻപിള്ളയെ (LP 43/07) 22/01/09 ന് ചേപ്പാട് നിന്നും ഹരിപ്പാട് പോലീസ് അറസ്റ്റ് ചെയ്തു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ PCs 4014, 4870

## കൈമോശം വന്ന ബാഗ് കണ്ടെടുത്ത് ഉടമസ്ഥന് കൈമാറി

21/01/09 രാവിലെ 11.25 മണിയോടെ നേത്രാവതി എക്സ്പ്രസിലെ യാത്രക്കാരനായ സുബാഷ് അയാളുടെ DVD പ്ലെയറും മറ്റ് വിലപിടിപ്പുള്ള രേഖകളും അടങ്ങിയ ബാഗ് ട്രെയിനിൽ മറന്നുവച്ചശേഷം കൊല്ലം സ്റ്റേഷനിൽ ഇറങ്ങി. റെയിൽ അലർട്ട് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ MOP പാർട്ടി നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ബാഗ് കണ്ടെത്തി ആലപ്പുഴ സ്റ്റേഷനിൽ ഏൽപ്പിക്കുകയും തുടർന്ന് യാത്രക്കാരന് കൈമാറുകയും ചെയ്തു.

(Rail Alert)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ PCs 2578, 2445

കുറിപ്പ് :- ഓരോ ജില്ലകളിൽ നിന്നും കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. താഴെപ്പറയുന്ന ജില്ലകളിൽ നിന്നും ഒരു പ്രശംസനീയ കർത്തവ്യ നിർവ്വഹണ വിവരവും ലഭ്യമായിട്ടില്ല.തിരുവനന്തപുരം സിറ്റി, കൊല്ലം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ, കാസർഗോഡ്.